Keraleeyam
Rs. 25/-
2020 April Vol. 21 Issue 4

# കൊറോണയുടെ നാളുകൾ കഴിഞ്ഞാലും ഭരണകൂടം ഈ ആധിപത്യം നിലനിർത്തില്ലെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

എഡ്വേർഡ് സ്നോഡൻ



**കൊറോണ** വൈറസ് പൗരസ്വാതന്ത്ര്യത്തിനും സ്വകാര്യതയ്ക്കുള്ള അവകാശത്തിനും മേൽ ആധുനിക യുഗത്തിലെ ഏറ്റവും വലിയ കടന്നുകയറ്റമാണ്. എന്നിട്ടും ആരും ഈ ചോദ്യം ചോദിക്കുന്നില്ല. സ്വേച്ഛാധിപത്യം വ്യാപിക്കുമ്പോൾ, അടിയന്തിരഘട്ട നിയമങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് നമ്മൾ നമ്മുടെ അവകാശങ്ങൾ ത്യജിക്കുമ്പോൾ, ഉദാരത കുറഞ്ഞ, സ്വാതന്ത്ര്യം കുറഞ്ഞ ഒരു ലോകത്തിലേക്ക് വഴുതി വീഴുന്നത് തടഞ്ഞു നിർത്താനുള്ള നമ്മുടെ കഴിവിനെയും ത്യജിക്കുന്നു. വളരെക്കാലം കഴിഞ്ഞ്, ഈ വൈറസ് ഒരു മറന്നുപോയ ഓർമ്മയായിമാറുമ്പോൾ ഭരണകൂടം ഈ ആധിപത്യം നിലനിർത്തില്ലെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഈ ഡാറ്റാസെറ്റുകൾ സൂക്ഷിക്കില്ലെന്ന്? അത് എങ്ങനെ ഉപയോഗിക്കുന്നു എന്നത് പ്രശ്നമല്ല. എന്താണ് നിർമ്മിക്കുന്നത് എന്നതാണ് 'അടിച്ചമർത്തലിന്റെ വാസ്തുവിദ്യ'.

*വൈസ് ടിവിയിലെ 'ഷെൽട്ടർ ഇൻ പ്ലേസ്' എന്ന പരിപാടിയിൽ എഡ്വേർഡ് സ്നോഡനുമായി ഷെയ്ൻ സ്മിത്ത് നടത്തിയ അഭിമുഖത്തിൽ നിന്നും. മൈക്രോസോഫ്റ്റ്, യാഹൂ, ഗൂഗിൾ, ഫേസ്ബുക്ക്, പാൽടോക്ക്, സ്കൈപ്, യുട്യൂബ്, എ.ഒ.എൽ, ആപ്പിൾ എന്നിവയടക്കം ഒൻപത് ഇന്റർനെറ്റ് സ്ഥാപനങ്ങളുടെ സെർവറുകളും ഫോൺ സംഭാഷണങ്ങളും അമേരിക്കൻ ഭരണകൂടത്തിന്റെ അനുമതിയോടെ യു.എസ് രഹസ്യാന്വേഷണ സംഘടനകൾ ചോർത്തുന്നുവെന്ന നിർണ്ണായകമായ വാർത്ത പുറത്തുവിട്ടതിനെ തുടർന്ന് രാഷ്ട്രീയ അഭയാർത്ഥിയായി ഏഴ് വർഷമായി റഷ്യയിൽ കഴിയുകയാണ് എഡ്വേർഡ് സ്നോഡൻ. (കടപ്പാട്: കൗണ്ടർ കറണ്ട്സ്.ഓർഗ്)*



Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com